ഉത്തരം

(എ) 599 ലക്ഷം രൂപ

(ബി) ഒരു ലക്ഷം രൂപ.

(സി) ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) നബാർഡ് സഹായത്തോടെ ഈ പണി നടത്തുന്നതിന് നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ഇ & എഫ്) പ്രസ്തുത റോഡിന്റെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന ഭാഗം അറ്റകുറ്റപ്പണി ചെയ്ത് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. ബാക്കി ഭാഗം വൈദ്യുതി ബോർഡിന്റെ പരിധിയിൽ വരുന്നതിനാൽ ആ വകുപ്പാണ് നടപടി സ്വീകരിക്കേണ്ടത്.

(ജി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

മോഡേൺ കൊളത്തറ, അരീനാട്-പൂളക്കടവ് റോഡുകൾക്കായി സ്ഥലം അക്വയർ ചെയ്യാൻ നടപടി

49 (1988) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോഡേൺ കൊളത്തറ, അരീനാട്-പൂളക്കടവ് റോഡുകൾക്കായി സ്ഥലം അക്വയർ ചെയ്തതിന് കോമ്പൻസേഷൻ തുക നൽകാൻ ബാക്കിയുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഉണ്ടെങ്കിൽ ഓരോ റോഡിനുമായി എത്ര തുക വീതം നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ബാക്കിയുള്ള തുക കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) മോഡേൺ-കൊളത്തറ റോഡിന് 16 ലക്ഷം രൂപയും അരീനാട്-പൂളക്കടവ് റോഡിന് 14 ലക്ഷം രൂപയും നൽകാനുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ തുക കൊടുത്തു തീർക്കുന്നതാണ്.

മലപ്പുറം ബൈപാസിന്റെ നിർമ്മാണ പുരോഗതി

50 (1989) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മംപുറം ബൈപാസിന്റെ നിർമ്മാണ പുരോഗതി എത്രത്തോളമായി എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ബൈപാസിന്റെ നിർമ്മാണ പുരോഗതിക്ക് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ ;

(സി) എങ്കിൽ ആയതു പരിഹരിക്കുന്നതിന് എന്ത് നടപടി കൈക്കൊണ്ടു ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) ലാന്റ് അക്വിസിഷനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ മംപുറം ഭാഗത്തുള്ള ഏകദേശം 80 മീറ്റർ സ്ഥലം ഏറ്റെടുക്കുന്നതിന് ബഹു. ഹൈക്കോടതിയുടെ സ്റ്റേ നിലവിലുണ്ട്. സ്റ്റേ മാറ്റികിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിളയൂർ-പേരടിയൂർ-പുലാമന്തോൾ ഹൈസ്കൂൾ റോഡ് ഏറ്റെടുക്കണമെന്ന ആവശ്യം

51 (1990) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പി മണ്ഡലത്തിൽപ്പെട്ട വിളയൂർ-പേരടിയൂർ-പുലാമന്തോൾ ഹൈസ്കൂൾ റോഡ് പി.ഡബ്ലിയു.ഡി. ഏറ്റെടുക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ റോഡ് ഏറ്റെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഈ പഞ്ചായത്ത് റോഡ് ഏറ്റെടുക്കുന്നതിനായുള്ള നിർദ്ദേശം പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ (റോഡുകളും പാലങ്ങളും വിഭാഗം) പരിശോധിച്ചുവരികയാണ്.

സമാന്തര നടപ്പാത നിർമ്മാണം

52 (1991) ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം നിയോജക മണ്ഡലത്തിൽ നാഗംപടം റെയിൽവേ ഓവർ ബ്രിഡ്ജിന് സമാന്തരമായി നടപ്പാത നിർമ്മിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) റയിൽവേയുടെ അധികാര പരിധിയിൽ വരുന്ന കാര്യമായതിനാൽ അവരുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly